"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, പൊതു മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ "കോളനി സമഗ്ര വികസനം" എന്ന പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വ്യക്തികൾക്ക് വീട് മെയിന്റനൻസ് നടത്തുന്നതിനും പാറയടുക്കി സംരക്ഷണ ഭിത്തി നിർമ്മിച്ചു നൽകുന്നതിനുമായി, 14,02,388/- രൂപ (പതിനാല് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) ചെലവഴിച്ച പ്രവൃത്തി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.566/2025/LSGD തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.10.2024 ലെ LSGD/PD/29478/2024-AM3 നമ്പർ കത്ത്

**ഉത്തരവ്**

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, പൊതു മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ "കോളനി സമഗ്ര വികസനം" എന്ന പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വ്യക്തികൾക്ക് വീട് മെയിന്റനൻസ് നടത്തുന്നതിനും പാറയടുക്കി സംരക്ഷണ ഭിത്തി നിർമ്മിച്ചു നൽകുന്നതിനുമായി, 14,02,388/- രൂപ (പതിനാല് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) ചെലവഴിച്ച നടപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2008- 09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 (A,B,C) പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുനരഭിപ്രായകുറിപ്പ് പുറപ്പെടുവിച്ചിരുന്നതിനാൽ, സാധൂകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശ പ്രകാരം കത്ത് ലഭ്യമാക്കുകയുണ്ടായി.

2. അഞ്ചൽ ബ്ലോക്ക് പരിധിയിൽ വരുന്ന തെന്മല ഗ്രാമപഞ്ചായത്തിലെ ഇടമൺ തോണിച്ചൽ കോളനി , അഞ്ചൽ പഞ്ചായത്തിലെ ചീപ്പ് വയൽ കോളനി, ആർച്ചൽ ഉച്ചിക്കോട് കോളനി എന്നിവിടങ്ങളിൽ സമഗ്ര കോളനി വികസനം എന്ന പേരിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഡി.പി.സി അംഗീകാരം വാങ്ങുകയും ചെയ്തിരുന്നു. സമഗ്ര വികസനം എന്ന് ലക്ഷ്യമിട്ടുകൊണ്ടാണ് വീട് മെയിന്റനൻസും പാറ ഉപയോഗിച്ച് സംരക്ഷണ ഭിത്തി കെട്ടലും ഈ പ്രോജക്റ്റിന്റെ ഭാഗമായത്. ഈ പ്രോജക്റ്റിന്റെ അംഗീകാരവേളയിൽ ഡി.പി.സി ഇതേ സംശയം ഉന്നയിക്കുകയും എന്നാൽ പ്രോജക്റ്റിന്റെ ലക്ഷ്യം കോളനി നിവാസികളുടേയും പ്രദേശത്തിന്റെയും സമഗ്രപുരോഗതിയാണെന്നും ആയതിനാൽ പ്രസ്തുത പ്രോജക്റ്റിന് അംഗീകാരം നൽകണമെന്ന അഭ്യർത്ഥന മാനിച്ചാണ് ഡി.പി.സി അംഗീകാരം ലഭിച്ചത്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നുണ്ടായിരുന്നുവെങ്കിലും പ്രസ്തുത പ്രദേശത്തെ അർഹതയുള്ള മുഴുവൻ ആൾക്കാർക്കും ഈ ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം എടുക്കുമെന്നും, അങ്ങനെയായാൽ കോളനികളുടെ സമഗ്ര വികസനം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയില്ല എന്നതുകൊണ്ടുമാണ് ഈ പ്രോജക്റ്റിന്റെ ഭാഗമാക്കിയത്. നീർത്തട വികസന മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ 2008-09 വർഷം പല പഞ്ചായത്തുകളിലും ഏറ്റെടുക്കാതിരുന്നതിനാലും, കോളനികളുടെ സമഗ്രവികസനം കൈവരിക്കാൻ മണ്ണ്, ജലസംരക്ഷണപ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടത് അനിവാര്യമായതിനാലുമാണ് ഇത്തരമൊരു പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കിയത്. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ കോൺക്രീറ്റിംഗിനോ പാറ അടുക്കുന്നതിനോ ഉള്ള പ്രവൃത്തികൾക്ക് അനുവാദം ലഭിച്ചിരുന്നില്ല. കാരണം ഇതിന് മെറ്റീരിയൽ കോസ്റ്റ് കൂടുതലായിരുന്നു. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിലും ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഇത്തരം പ്രോജക്റ്റുകൾ പിന്നീട് ഏറ്റെടുത്തിട്ടില്ല എന്നതിനാലും, കോളനിയുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ട

പദ്ധതി ആയതിനാൽ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സാധൂകരണം നൽകുണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടുകയുണ്ടായി.

3.പ്രസ്തുത ഓഡിറ്റ് പരാമർശം കൊല്ലം ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതി പരിഗണിച്ചിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശത്തിന് സാധൂകരണം നൽകുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യു തീരുമാനിച്ചിട്ടുള്ളതുമാണ്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതി നടപ്പിലാക്കിയതിലൂടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നത് പരിഗണിച്ചും, ബ്ലോക്ക് പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ്, പ്രസ്തുത പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം നൽകിയത് എന്നത് പരിഗണിച്ചും, ഓഡിറ്റ് തടസ്സപ്പെടുത്തലിനുശേഷം ഇത്തരം പദ്ധതികൾ തുടർന്ന് എറ്റെടുത്തിട്ടില്ല എന്നത് പരിഗണിച്ചും, സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ് എന്ന് ഓഡിറ്റ് വകുപ്പ് പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ച സാഹചര്യത്തിലും, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, പൊതു മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ "കോളനി സമഗ്ര വികസനം" എന്ന പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വ്യക്തികൾക്ക് വീട് മെയിന്റനൻസ് നടത്തുന്നതിനും പാറയടുക്കി സംരക്ഷണ ഭിത്തി നിർമ്മിച്ച നൽകുന്നതിനുമായി, 14,02,388/- രൂപ (പതിനാല് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) ചെലവഴിച്ച പ്രവൃത്തി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 01-03-2025 15:04:21
സെക്ഷൻ ഓഫീസർ